(എഫ്) അഖിലേൻഡ്യാ ഹാൻഡിക്രാഫ്റ്റ്സ് ബോർഡിന്റെ ശുപാർശ അനുസരിച്ചാണ് മറ്റു പരിശീലന കേന്ദ്രങ്ങളും നിലത്തൽ ചെയ്തത്. തയ്യൽ കേന്ദ്രങ്ങളും ഇപ്പോൾ നടത്തിവരുന്നതു് സ്റ്റേറ്റ് ഗവണ്മെന്റ് പദ്ധതി അനുസരിച്ചാണ്.

(ജി) തുടർന്നുവരുന്ന കേന്ദ്രങ്ങളിൽ ഒൻപതു് ഇൻസ്ട്രക്ടറന്മാരുണ്ട്

(എച്ച്) തയ്യൽ പരീക്ഷയിൽ സർട്ടിഫിക്കറ്റും തേർഡ് ക്ലാസും പാസ്സുമാണ് ഇവർക്ക് പരിഗണിയ്ക്കുന്നതു്. ഇവരുടെ ശമ്പളം 40-120 ആണ്.

ശ്രീ. എൻ. ശിവൻ പിള്ള : ഈ പറഞ്ഞ കൈവേലകളിൽ ഏറ്റവും പ്രധാനപ്പെട്ടവ നിലത്തൽ ചെയ്യുകയും തയ്യൽ പരിശീലനം മാത്രം തുടരുകയും ചെയ്തിരിക്കുന്നതു് എന്തുകൊണ്ടാണ് ?

ശ്രീ. കെ. പി. ഗോപാലൻ : അഖിലേൻഡ്യാ ഹാൻഡിക്രാഫ്റ്റ്സ് ബോർഡിന്റെ നിർദ്ദേശം അനുസരിച്ചാണ് ചെയ്തിരിക്കുന്നതു്. അവർ അതു നിലത്തൽ ചെയ്യാൻ പറഞ്ഞിരുന്നു.

SHORT NOTICE QUESTIONS AND ANSWERS.

തൊഴിൽത്തക്ക കേസുകളിൽ തൊഴിലാളി കക്ഷികൾക്കു സാമ്പത്തിക സഹായം.

* 1779. [16] ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) നിലവിലിരിക്കുന്ന തൊഴിൽത്തക്ക കേസുകളിൽ കക്ഷികളായിരിക്കുന്ന എത്ര തൊഴിലാളികൾ സാമ്പത്തികസഹായത്തിനു് അപേക്ഷിച്ചിട്ടുണ്ടു് ;

(ബി) എത്ര പേർക്കു കൊടുത്തിട്ടുണ്ടു് ;

(സി) എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടു് ; കാരണം ;

(ഡി) തിരുവനന്തപുരം ട്രിബ്യൂണലിൽ ഐ. ഡി. 33-58-ലെ എട്ടു തൊഴിലാളികൾ പ്രസ്തുത സഹായത്തിനു് അപേക്ഷിച്ചിരുന്നോ ; എന്തായി ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) 260.

(ബി) 216.

(സി) 44. ചട്ടപ്രകാരം അർഹമല്ലാത്തതുകൊണ്ടു് നിരസിച്ചു ;

(ഡി) ഉണ്ടു്. അപേക്ഷകൾ അന്വേഷണത്തിലിരിക്കയാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : നിരസിക്കാൻ കാരണമെന്താണെന്നാണ് പറഞ്ഞതു് ; നല്ലവണ്ണം ഫാറത്തിൽ എഴുതിയില്ലെന്നാണോ ?

ശ്രീ. ടി. വി. തോമസ് : ചട്ടപ്രകാരം അർഹതയില്ലാത്തതുകൊണ്ടാണ്. സാങ്കേതിക കാരണങ്ങളാൽ അതു നിരസിക്കുകയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ 33-ാം നമ്പർ കേസിൽ അതു സംബന്ധിച്ചുള്ള തീരുമാനം ഉടനെ ഉണ്ടാകുമെന്നു പ്രതീക്ഷിക്കാമോ ?

ശ്രീ. ടി. വി. തോമസ് : പ്രതീക്ഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly